ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.10.2025**

## പ്രധാനവാർത്തകൾ

1. സർദാർ പട്ടേൽ രാജ്യത്തിന് നൽകിയ സംഭാവനകളെ മൻ കി ബാത്തിൽ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂർ എല്ലാ ഭാരതീയരെയും അഭിമാനപൂരിതരാക്കിയതായും പ്രധാനമന്ത്രി.

2. ദേശീയഗീതമായ വന്ദേമാതരത്തിൻറെ 150 ആം വാർഷികം വിപുലമായി ആഘോഷിക്കാൻ ആഹ്വാനം. ജി.എസ്.ടി പരിഷ്കരണം തദ്ദേശീയ വസ്തുക്കളുടെ വാങ്ങൽ ഗണ്യമായി വർദ്ധിപ്പിച്ചതായും മൻ കി ബാത്തിൽ പരാമർശം.

3. കേരളത്തിലെ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണെന്നും പ്രധാനമന്ത്രി. പരാമർശത്തിൽ സന്തോഷമറിയിച്ച് വയനാട്ടിലെ കാപ്പി കർഷകർ.

4. അടിമാലി മണ്ണിടിച്ചിൽ ബാധിത പ്രദേശത്തെ 44 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ മന്ത്രി റോഷി അഗസ്റ്റിൻ്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനം. ദേശീയപാതാ നിർമാണം താത്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവിട്ട് ജില്ലാകളക്ടർ.

RNU TVPM

5. വടക്കൻ കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത.

6. സംസ്ഥാന സ്കൂൾ കായികമേളയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം. തൃശൂർ ജില്ല രണ്ടാം സ്ഥാനത്ത്.

&&&&&&&&&&&&&&&

എംകെബി ജനറൽ (ഇൻട്രോ

സർദാർ പട്ടേൽ രാജ്യത്തിന് നൽകിയ സംഭാവനകളെ മൻ കി ബാത്തിൽ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂറിൻറെ പ്രാധാന്യത്തെക്കുറിച്ചും, ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ മഹത്വത്തെക്കുറിച്ചും അദ്ദേഹം ജനങ്ങളുമായി ആശയങ്ങൾ പങ്കുവച്ചു. ഓപ്പറേഷൻ സിന്ദൂർ' എല്ലാ ഭാരതീയരെയും അഭിമാനപൂരിതരാക്കിയതായി പ്രധാനമന്ത്രി പറഞ്ഞു. സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ ജന്മവാർഷികത്തോടനുബന്ധിച്ച് ഈ മാസം 31 ന് നടക്കുന്ന റൺ ഫോർ യൂണിറ്റിയിൽ പങ്കുചേരാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഭാരതത്തിന്റെ ഭരണനിർവഹണ സംവിധാനത്തിന് ശക്തമായ അടിത്തറ പാകിയ സർദാർ പട്ടേൽ, രാജ്യത്തിൻറെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി സമാനതകളില്ലാത്ത ശ്രമങ്ങൾ നടത്തിയതായി ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&

എംകെബി വന്ദേമാതരം ഇൻട്രോ

ദേശീയഗീതമായ വന്ദേമാതരത്തിൻറെ 150 ആം വാർഷികം രാജ്യം നവംബർ 7 ന് വിപുലമായി ആഘോഷിക്കുമെന്ന് പ്രധാനമന്ത്രി

RNU TVPM

നരേന്ദ്രമോദി. ബങ്കിം ചന്ദ്ര ചതോപാധ്യായ രചിച്ച "വന്ദേമാതരം" ഭാരതമാതാവിന്റെ വാത്സല്യം നമുക്ക് പകർന്ന് തരുന്നതായും അദ്ദേഹം പറഞ്ഞു. 'വന്ദേമാതര'ത്തിൻറെ 150-ആം വാർഷികം അവിസ്മരണീയമാക്കുന്നതിനായി ജനങ്ങളുടെ നിർദ്ദേശങ്ങൾ വന്ദേമാതരം150 എന്നതിനൊപ്പം പങ്കുവയ്ക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.
(ഹോൾഡ്)

&&&&&&&&&&&&&&&

എംകെ ബി ജിഎസ്ടി

ജി.എസ്.ടി. സേവിംഗ്സ് ഫെസ്റ്റിവലിനെക്കുറിച്ച് ആളുകൾ വളരെയധികം ആവേശം പങ്കുവയ്ക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഇത്തവണ ഉത്സവകാലത്ത് വിപണികളിൽ തദ്ദേശീയ വസ്തുക്കളുടെ വാങ്ങൽ ഗണ്യമായി വർദ്ധിച്ചതായും അദ്ദേഹം മൻ കി ബാത്തിൽ ചൂണ്ടിക്കാട്ടി.
ജനങ്ങൾക്ക് പ്രധാനമന്ത്രി ഛഠ് ഉത്സവ ആശംസകളും നേർന്നു. സംസ്കാരം, പ്രകൃതി, സമൂഹം എന്നിവ തമ്മിലുള്ള അഗാധ ഐക്യത്തിൻറെ പ്രതിഫലനമാണ് ഈ ഉത്സവമെന്ന് ശ്രീ മോദി പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&

എംകെബി ശുചിത്വം കണ്ടൽ ഇൻട്രോ

ശുചിത്വത്തിൻറെ പ്രാധാന്യത്തെക്കുറിച്ചും, സസ്യജാലങ്ങളും കണ്ടൽവനങ്ങളും പരിസ്ഥിതിയിൽ വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും മൻ കി ബാത്തിൻറെ 127 ആം പതിപ്പിൽ പ്രധാനമന്ത്രി പരാമർശിച്ചു.
വിശദാംശങ്ങളിലേക്ക്.....
(വോയിസ്)

&&&&&&&&&&&&&&&

എംകെബി കോഫി (ഇ ൻട്രോ)

കാപ്പികൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും, കാപ്പിയുടെ സ്വാദിനെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഒഡീഷയിൽ നിന്നുള്ള കൊരാപുട്ട് കാപ്പിയുടെ രുചിയെക്കുറിച്ച് പറഞ്ഞ അദ്ദേഹം കേരളത്തിലെ വയനാട്, തിരുവിതാംകൂർ, മലബാർ പ്രദേശങ്ങളിലെ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണെന്നും ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രിയുടെ പരാമർശം വയനാട്ടിലെ കാപ്പി കർഷകരെ ഏറ്റെ സന്തോഷിപ്പിക്കുന്നതായി കോഫി ഗ്രോവേഴ്സ് അസോസിയേഷൻ വയനാട് ജില്ലാ വൈസ് പ്രസിഡൻറ് അലി ബ്രാൻ ആകാശവാണിയോട് പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&

എംകെബി സം സ്കൃതം

സംസ്കൃത ഭാഷയ്ക്ക് സമൂഹമാധ്യമത്തിലൂടെ പുതുജീവൻ ലഭിക്കുന്നതിനെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു . സോഷ്യൽ മീഡിയ വഴി സംസ്കൃതം പഠിപ്പിക്കുന്ന യുവജനങ്ങളെ അദ്ദേഹം മൻ കി ബാത്തിലൂടെ പരിചയപ്പെടുത്തി.

RNUTVPM

&&&&&&&&&&&&&&&

എംകെബി തദ്ദേശീയ നായ(ഇ ൻട്രോ)

തദ്ദേശീയയിനം നായ്ക്കളെ ദത്തെടുക്കാനുള്ള തൻറെ ആഹ്വാനം ഉൾക്കൊണ്ട് ബിഎസ്എഫും സിആർപിഎഫും നടത്തിവരുന്ന പ്രവർത്തനങ്ങളിൽ പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു. ഇരു സേനാ വിഭാഗങ്ങളും ഡോഗ് സ്ക്വാഡുകളിൽ തദ്ദേശീയ നായ്ക്കളുടെ എണ്ണം വർദ്ധിപ്പിച്ചത് സന്തോഷകരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

വിശദാംശങ്ങളിലേക്ക്..

(വോയിസ്)

**&&&&&&&&&&&&&&&**

## പിഎം നൈസാം

ഹൈദരാബാദിലെ നൈസാമിൻറെ ക്രൂരതകൾക്കെതിരെ നിലകൊണ്ട കൊമരം ഭീം എന്ന ധീരവ്യക്തിത്വത്തെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രതിപാദിച്ചു. 40 വയസ്സിൽ നൈസാമിൻറെ ആളുകളാൽ വധിക്കപ്പെട്ട കൊമരം ഭീമിന് ശ്രീ മോദി ആദരാഞ്ജലികൾ അർപ്പിച്ചു. ഭഗവാൻ ബിർസ മുണ്ടയുടെ ജന്മവാർഷിക ദിനം അടുത്ത മാസം 15 ന് ആഘോഷിക്കാനിരിക്കുന്ന വേളയിൽ അദ്ദേഹത്തിനും പ്രധാനമന്ത്രി ആദരം അർപ്പിച്ചു.

**&&&&&&&&&&&&&&&**

## പിഎം ആസിയാൻ

മലേഷ്യയിൽ നടന്ന ആസിയാൻ ഇന്ത്യ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിർച്വലായി അഭിസംബോധന ചെയ്തു. ആഗോള അനിശ്ചിതാവസ്ഥകൾക്ക് ഇടയിലും ഇന്ത്യ-ആസിയാൻ സമഗ്ര നയതന്ത്ര പങ്കാളിത്തം സുസ്ഥിര പുരോഗതി കാഴ്ചവച്ചതായി അദ്ദേഹം പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&**

## റോഷി അഗസ്റ്റിൻ-മണ്ണിടിച്ചിൽ

അടിമാലിയിൽ ദേശീയപാത നിർമ്മാണത്തെ തുടർന്ന് വീടിനു മുകളിലേക്ക് മണ്ണിടിഞ്ഞ് ഒരാൾ മരിച്ച സംഭവത്തിൻറെ പശ്ചാത്തലത്തിൽ, ദുരന്ത ബാധിത പ്രദേശത്തെ 44 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ മന്ത്രി റോഷി അഗസ്റ്റിൻ്റെ നേതൃത്വത്തിൽ ചേർന്ന അടിയന്തര യോഗത്തിൽ തീരുമാനം. 25 കുടുംബങ്ങളെ ഇവിടെ നിന്നും അടിമാലി സർക്കാർ സ്കൂളിലെ താത്കാലിക ക്യാമ്പിലേക്ക് കഴിഞ്ഞ ദിവസം മാറ്റിയത് അപകടത്തിൻ്റെ വ്യാപ്തി കുറച്ചതായി മന്ത്രി പറഞ്ഞു. ദേശീയപാത നിർമാണ പ്രവർത്തനങ്ങളിൽ അപാകതയുണ്ടോയെന്ന്

പരിശോധിക്കുമെന്ന് റവന്യൂമന്ത്രി കെ രാജൻ അറിയിച്ചു. മണ്ണിടിച്ചിൽ സാധ്യത ജില്ലാഭരണകൂടത്തെ കുൻകൂട്ടി അറിയിച്ചതാണെന്നും, അപകടസാധ്യതയുള്ള മേഖലയിൽ നിന്നും മുഴുവൻ കുടുംബങ്ങളെയും ഇത് പ്രകാരം മാറ്റിപ്പാർപ്പിച്ചതാണെന്നും ദേശീയ പാതാ അതോറിറ്റി വ്യക്തമാക്കി. അതേസമയം ദേശീയപാതാ നിർമാണം താത്കാലികമായി നിർത്തിവയ്ക്കാൻ ജില്ലാകളക്ടർ ഉത്തരവിട്ടു.

**&&&&&&&&&&&&&&&**

പി എം ശ്രീ -ശിവകുട്ടി

പി എം ശ്രീ പദ്ധതിയിൽ നിന്ന് സംസ്ഥാനത്തിന് എപ്പോൾ വേണമെങ്കിലും പിൻമാറാൻ സാധിക്കുമെന്ന് കരാറിൽ ഉണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി. കേരളത്തിലെ 47 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഫണ്ട് ഇക്കാരണത്താൽ ഒഴിവാക്കേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാർ തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തില്ലെന്നും, പാഠപുസ്തകങ്ങൾ തയ്യാറാക്കാനുള്ള എല്ലാ അധികാരവും സംസ്ഥാന സർക്കാരിനാണെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

RNU TVPM

**&&&&&&&&&&&&&&&**

തദ്ദേശ തിരഞ്ഞെടുപ്പ്

തദ്ദേശ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയകക്ഷികളുടെ യോഗം വിളിച്ചു. ഈ മാസം 29 ന് രാവിലെ 11 ന് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിലാണ് യോഗം. ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ ഒരു പ്രതിനിധിക്ക് യോഗത്തിൽ പങ്കെടുക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**&&&&&&&&&&&&&&&**

## മഴ- കേരളം

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലും തൃശൂരിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. കേരള തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1,547 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. തൃശൂർ രണ്ടാമതും, പാലക്കാടും കണ്ണൂരും മൂന്നും നാലും സ്ഥാനങ്ങളിലുമാണ്. നീന്തൽ മത്സരങ്ങളിൽ 649 പോയിൻറോടെ തിരുവനന്തപുരത്തിനാണ് ഓവറോൾ കിരീടം. ഗെയിംസിൽ തിരുവനന്തപുരവും, അത്ലറ്റിക്സിൽ പാലക്കാടുമാണ് മുന്നിൽ നിൽക്കുന്നത്.

&&&&&&&&&&&&&&

&&&&&&&&&&

&&&

RNU TVPM